IV റിപ്പോർട്ടുസമർപ്പണം

(1) ഹർജികൾ സംബന്ധിച്ച സമിതിയുടെ 22-ാമത്തേയും 23-ാമത്തേയും റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ് : സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 22-ാമത്തെയും 23-ാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(2) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 17-ാമത്തേയും 18-ാമത്തേയും റിപ്പോർട്ടുകൾ

ശ്രീ. സി. പി. ബാലൻവൈദ്യർ : പട്ടികജാതി - പട്ടികവർഗ്ഗക്ഷേമസമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴാമത്തെയും പതിനെട്ടാമത്തെയും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

V റൂൾ 300 അനുസരിച്ചുള്ള പ്രസ്താവന

2001-2002 വർഷത്തെ അബ്കാരി നയം

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 2001-2002 മുതൽ മദ്യനയത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. കള്ളുഷാപ്പുകളും ബിവറേജസ് കോർപ്പറേഷൻ നടത്തി വരുന്നതൊഴികെയുള്ള വിദേശ മദ്യഷാപ്പുകളും ലേലത്തിൽ വിൽക്കുകയാണ് സാധാരണ പതിവ്. കള്ള് ഷാപ്പുകളിൽ ചാരായം വിൽക്കുന്നതായി പരക്കെ ആക്ഷേപമുയർന്നുവന്ന സാഹചര്യത്തിൽ മദ്യനയത്തിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. 5984 കള്ള്ഷാപ്പുകളും 231 FL1 ഷാപ്പുകളുമാണ് 2000-2001 ൽ ലേലത്തിൽ നൽകിയത്. റെയ്ഞ്ച് തലത്തിൽ കള്ളുൽപ്പാദനവും വിതരണവും സഹകരണ സംഘങ്ങളെ ഏൽപ്പിക്കുവാനും ഇൻഡ്യൻ നിർമ്മിത വിദേശമദ്യങ്ങളുടെ വിതരണം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനെയും, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനെയും, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷനെയും ഏൽപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇപ്പോഴത്തെ ലേല സമ്പ്രദായം നിർത്തി കള്ളിന്റെ ഉൽപ്പാദനവും വിതരണവും കള്ളുഷാപ്പുകളുടെ നടത്തിപ്പും റെയ്ഞ്ച് തലത്തിൽ രൂപീകരിക്കുന്ന "ടോഡി വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡി"ൽ രജിസ്റ്റർ ചെയ്തിട്ടുള്ള ചെത്ത് തൊഴിലാളികളും കള്ള്ഷോപ്പ് തൊഴിലാളികളും അംഗങ്ങളായി രജിസ്റ്റർ ചെയ്യുന്ന സഹകരണ സംഘങ്ങളെ ഏൽപ്പിക്കുന്നതാണ്. ഒരു ജില്ലയിൽ നിന്ന് മറ്റൊന്നിലേക്ക് കള്ള് കൊണ്ടുപോകുന്നതിനും മറ്റുമായി സംസ്ഥാനതലത്തിൽ ഒരു അപ്പക്സ് സൊസൈറ്റി രൂപീകരിച്ച് പ്രവർത്തിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ തീരുമാനിക്കുന്നതിനും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും എക്സൈസ് കമ്മീഷണർ കൺവീനറായും നികുതി റവന്യൂ, കോ-ഓപ്പറേഷൻ എന്നീ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ FL1 ഷോപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഏൽപ്പിക്കുകയും ചെയ്യുന്നതുമൂലം മദ്യ വ്യവസായ രംഗത്ത് വിതരണവും വിൽപ്പനയും പൂർണമായും സർക്കാർ ഏജൻസി വഴി നടത്തുന്നതിനാൽ സ്വകാര്യ വ്യക്തികളെ ഈ രംഗത്തുനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതുമാണ്. 1995-1996 ലെ കണക്കുകൾ മാനദണ്ഡമാക്കി കള്ളുഷാപ്പുകളുടെ വാടക നിശ്ചയിക്കുവാൻ എക്സൈസ് കമ്മീഷണർക്ക് മാർഗരേഖകൾ നൽകുകയും ചെയ്യുന്നതാണ്. ഇപ്പോൾ നിലനിൽക്കുന്ന സമ്പ്രദായം അനുസരിച്ച് ആറുമാസത്തേക്ക് ഓരോ കള്ളുഷാപ്പിനും ചെത്തുവാൻ വേണ്ടി മിനിമം എണ്ണം മരം നൽകുന്നത് അവസാനിപ്പിച്ച്, പകരം അവരുടെ ആവശ്യാനുസരണം മരം ചെത്തുന്നതിനുള്ള ലൈസൻസ് വൃക്ഷ കരം ഈടാക്കിയശേഷം നൽകുന്നതാണ്. ചെത്തു തൊഴിലാളികളുടെ പ്രതിനിധികൾ അടങ്ങിയ കള്ളുവ്യവസായ പുനഃസംഘടനാ കമ്മിറ്റി അവരുടെ ഇടക്കാല റിപ്പോർട്ടിൽമേൽ നിർദ്ദേശങ്ങളടങ്ങിയ ശുപാർശകൾ സർക്കാരിനു നൽകിയിട്ടുണ്ട്. അതുകൂടി കണക്കിലെടുത്താണ് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. നിലവിലുള്ള കള്ളുഷാപ്പുകളുടെയും FLI ഷാപ്പുകളുടെയും എണ്ണത്തിൽ വർദ്ധനവും വരുത്തുന്നതല്ല.

മി. സ്പീക്കർ : ആ സ്റ്റേറ്റുമെന്റ് സർക്കുലെറ്റ് ചെയ്യുക.

VI ധനകാര്യം

2001-2002 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിനെപ്പറ്റിയുള്ള പൊതുചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. സി. എ. കുര്യൻ) : സർ, ബഹുമാന്യനായ ധനകാര്യവകുപ്പുമന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ഇടക്കാല ബഡ്ജറ്റിനെ ഞാൻ പിൻതാങ്ങുന്നു. ഇടക്കാല ബഡ്ജറ്റിനെ വിലയിരുത്തിക്കൊണ്ട് പതിവുപോലെ നമ്മുടെ പത്രമാധ്യമങ്ങളും പ്രതിപക്ഷ-ഭരണകക്ഷി നേതാക്കന്മാരും അഭിപ്രായപ്രകടനം നടത്തിയിട്ടുണ്ട്. പ്രതിപക്ഷനേതാക്കന്മാർ ഇതൊരു സമ്പൂർണ്ണ ബഡ്ജറ്റല്ലെന്നുള്ള അഭിപ്രായപ്രകടനം നടത്തിയപ്പോൾ ഓർത്തിട്ടുണ്ടോയെന്ന് എനിക്ക് സംശയമുണ്ട്. ഒരു സമ്പൂർണ ബഡ്ജറ്റ് ഏതാനും മാസങ്ങൾ മാത്രം കാലാവധിയുള്ള ഈ ഗവൺമെന്റ് അവതരിപ്പിക്കുന്നത് പാർലമെന്ററി ജനാധിപത്യത്തിന് നല്ലതല്ലെന്നു കരുതിയാണ്. തെരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്ന ഈ ഗവൺമെന്റ് ഒരു ഇടക്കാല ബഡ്ജറ്റ് അവതരിപ്പിച്ചത് തീർച്ചയായും തെരഞ്ഞെടുപ്പുകഴിഞ്ഞ് ഇടതുപക്ഷജനാധിപത്യമുന്നണി വീണ്ടും അധികാരത്തിൽ വരുമെന്നുള്ളത് ഏറെക്കുറെ സത്യമാണ്. അതുകൊണ്ട് ജൂൺ മാസത്തിൽ സമ്പൂർണ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇപ്പോൾ ചൂണ്ടിക്കാണിച്ച പല അപാകതകളും പരിഹരിച്ച് ജനങ്ങൾക്കു കൂടുതൽ പ്രയോജനകരമായ ഒരു ബഡ്ജറ്റ് അവതരിപ്പിക്കുവാൻ ഇടതുപക്ഷജനാധിപത്യമുന്നണി ഗവൺമെന്റിന് കഴിയുമെന്ന ഉറച്ച വിശ്വാസം എനിക്കുണ്ട്. മിനിഞ്ഞാന്ന് ഏഷ്യാനെറ്റിൽ വന്ന ഒരു പരിപാടി അതിൽ പറയുന്നത്, കേരളാ ഗവൺമെന്റിന് സംഭവിച്ച കോട്ടങ്ങൾക്കുത്തരവാദി നമ്മുടെ നിയമസഭാ കെട്ടിടത്തിനു മുൻവശത്തിരിക്കുന്ന ക്രെയിനാണ് എന്നാണ്. അതുപോലെ വാസ്തുശിൽപികൾ പറയുന്നത് .....

LIBRARY ARCHIVES Kerala Legislative Assembly